# COLLEGE OF ENGINEERING KIDANGOOR
# PARENT TEACHER ASOCIATION

| President | Vice President | Secretary |
|---|---|---|
| Dr. K.G. Viswanadhan | Dr. V.T. Thomas | Sri. Joby James |

---

## വാർഷിക പൊതുയോഗം 2016-17
## റിപ്പോർട്ട്

മാന്യമിത്രമേ,

കേരള സർക്കാർ സംരംഭമായ CAPE ന്റെ ഉടമസ്ഥതയിൽ കിടങ്ങൂർ എൻജിനിയറിംഗ് കോളേജ് 2000 ൽ സ്ഥാപിതമായി. തദ്ദേശവാസികളിൽ നിന്നും കിടങ്ങൂർ സർവ്വീസ് സഹകരണബാങ്ക് 25 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകിക്കൊണ്ട് ഈ ഉദ്യമത്തിനു പൂർണ പിന്തുണ നൽകി. കഴിഞ്ഞ 17 വർഷക്കാലമായി ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസൃതമായി ഈ കോളേജ് പ്രവർത്തിച്ചു വരുന്നു എന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്. ഈ കാലയളവിൽ ഒട്ടനവധി പ്രൊഫഷണൽസിനെ സമൂഹത്തിന് സംഭാവന ചെയ്യാൻ നമുക്കു സാധിച്ചു.

2016 ഫെബ്രുവരി 20 ന് രാവില 10 മണിക്ക് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ സെമിനാർ ഹാളിൽവെച്ച് കൂടിയ പൊതുയോഗത്തിൽ അടുത്ത വർഷത്തേയ്ക്കുള്ള ഭരണസമിതിയെ തിരഞ്ഞെടുത്തു. പ്രിൻസിപ്പാൾ പ്രസിഡന്റായും വൈസ് പ്രസിഡന്റായി ഡോ.വി.റ്റി. തോമസിനെയും സെക്രട്ടറിയായി ശ്രീമതി ശ്രീകുമാരി റ്റി.കെ. യെയും കമ്മറ്റി അംഗങ്ങളായി ശ്രീമതി അനുപ ഷാജി, ശ്രീ. വേണുഗോപാലൻ എം., ശ്രീ. ശ്രീകുമാർ കെ., ശ്രീ. ജേക്കബ് വി.ജെ. എന്നിവരെയും അദ്ധ്യാപക പ്രതിനിധികളായി ശ്രീമതി. ജ്യോതിസ് ജോസഫ്, ശ്രീമതി അനു എസ്. മറ്റം, ശ്രീമതി സോണിമ എം.പി. ശ്രീ.ജോബി ജെയിംസ്, എന്നിവരേയും തിരഞ്ഞെടുത്തു. സെക്രട്ടറി തൽസ്ഥാനം രാജിവെച്ചതിനെത്തുടർന്ന് 28.08.16 ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മറ്റി എക്സിക്യൂട്ടീവ് മെമ്പറായ ശ്രീ. ജോബി ജെയിംസിനെ സെക്രട്ടറിയായി തിരഞ്ഞെടുത്തു.

ഈ റിപ്പോർട്ട് വർഷത്തിൽ കോളേജിന്റെ പുരോഗതിയ്ക്കും വിദ്യാർത്ഥികളുടെ ക്ഷേമത്തിനും ഊന്നൽ നൽകിക്കൊണ്ട് പി.റ്റി.എ. കമ്മറ്റിക്ക് പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ട്. റിപ്പോർട്ട് വർഷത്തിൽ പി.റ്റി.എ. നടപ്പിൽ വരുത്തിയ പ്രവർത്തനങ്ങൾ താങ്കളുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

1. വിദ്യാർത്ഥികളുടെ യാത്രാസൗകര്യം കാര്യക്ഷമമാക്കുന്നതിനായി വിവിധ റൂട്ടുകളിൽ കോളേജിന്റെ നാലു ബസ്സുകളും വാടകയ്ക്കെടുത്ത നാലു ബസ്സുകളും ഉൾപ്പെടെ എട്ട് ബസ്സുകൾ ഓടിച്ചു വരുന്നു. ബസുകളുടെ സുഗമമായ നടത്തിപ്പിനായി ഏർപ്പെടുത്തിയിട്ടുള്ള ബസ് കമ്മറ്റിയുടെയും ബസ് ചെക്കറുടേയും സേവനം വളരെയധികം പ്രയോജനപ്പെടുന്നുണ്ട്.
2. ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി എല്ലാ ഡിപ്പാർട്ടുമെന്റുകളിലും മിനറൽ വാട്ടർ ജാറുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിലുള്ള കിണറുകൾ ശുചീകരിക്കുന്നതിനും കാലാകാലങ്ങളിൽ വാട്ടർ ടാങ്കറുകൾ ക്ലോറിനേറ്റ് ചെയ്യുന്നതിനും വേണ്ട ചിലവുകൾ പി.റ്റി.എ. വഹിച്ചുകൊണ്ടിരിക്കുന്നു.
3. കോളേജിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എൻ.എസ്.എസ്. യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായുള്ള ധനസഹായം പി.റ്റി.എ. നൽകിവരുന്നു.
4. കോളേജ് കാന്റീനിന്റെ മെയിന്റിനൻസ് ജോലികൾ പി.റ്റി.എ. യുടെ നേതൃത്വത്തിൽ ചെയ്യുന്നുണ്ട്. കാന്റീനിന്റെ സുഗമമായ പ്രവർത്തനത്തിലേയ്ക്ക് 15 മേശകളും 90 കസേരകളും പി.റ്റി.എ. വാങ്ങി നൽകിയിട്ടുണ്ട്.
5. ബഹുമാനപ്പെട്ട ടൂറിസം കോ ഓപ്പറേഷൻ മിനിസ്റ്റർ ശ്രീ. എ.സി. മൊയ്തീൻ മുഖ്യ അതിഥിയായും സ്ഥലം എം.എൽ.എ. ശ്രീ. മോൻസ് ജോസഫ് അദ്ധ്യക്ഷനുമായി "CAPE MERIT DAY 2016" ഈ കോളേജിൽ വെച്ച് നടത്തി. കോളേജ് Ground, Auditorium, എന്നിവയുടെ നവീകരണത്തിനായും പുതിയ Ladies Hostel നായും PTA യ്ക്കുവേണ്ടി വൈസ് പ്രസിഡന്റ് നിവേദനം സമർപ്പിക്കുകയുണ്ടായി. മേൽപ്പറഞ്ഞ മൂന്നാവശ്യങ്ങളും ആ യോഗത്തിൽ അംഗീകരിക്കുകയും വേണ്ട സഹായങ്ങൾ നൽകാമെന്ന് എം.എൽ.എ. യും മന്ത്രിയും വാഗ്ദാനം ചെയ്യുകയും ചെയ്തു. CAPE MERIT DAY യിൽ, CAPE കോളേജുകളിലെ എല്ലാ ബ്രാഞ്ചുകളിലും ഒന്നാം സ്ഥാനം നേടിയ കുട്ടികളെ അനുമോദിക്കുകയും പുരസ്കാര വിതരണം ചെയ്യുകയും ചെയ്തു. ഈ കോളേജിൽ നിന്നും രണ്ടു കുട്ടികൾക്ക് സമ്മാനം ലഭിച്ചു. Merit Day യ്ക്കുള്ള ധനസഹായം പി.റ്റി.എ.യ്ക്ക് നൽകി.

6. കോളേജ് യൂണിയന്റെ നേതൃത്വത്തിൽ നടത്തിവരുന്ന Intercollegiate Fest, Lumiere ന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് പി.റ്റി.എ. നൽകിയിട്ടുണ്ട്.
7. കോളേജ് ക്യാമ്പസിലെ വിവിധങ്ങളായ Maintenance നുള്ള സാമ്പത്തിക സഹായം പി.റ്റി.എ. നൽകി വരുന്നു.
8. വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം നൽകിവരുന്നത് പി.റ്റി.എ.യുടെ മേൽനോട്ടത്തിലാണ്. ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൽ പി.റ്റി.എ. കമ്മറ്റി വിലയിരുത്തിവരുന്നു.
9. വിദ്യാർത്ഥികളുടെ Attendance, Academic വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിനും രക്ഷിതാക്കളെ അറിയിക്കുന്നതിനും Campus Management Software PTA വാങ്ങിയിട്ടുണ്ട്.
10. കോളേജ് ക്യാമ്പസിൽ വിവിധ സ്ഥലങ്ങളിൽ കോളേജിന്റെ സുരക്ഷയ്ക്കായി 8 CCTV ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കേരള ടെകിനോളജി യൂണിവേഴ്സിറ്റിയുടെ നിർദ്ദേശപ്രകാരം KTU Exam Hall ലേക്കായി ഒരു ക്യാമറയും പി.റ്റി.എ. സംഭാവന നൽകി.
11. Administrative block ലെ സെമിനാർ ഹാളിൽ നവീകരണത്തിനായി പി.റ്റി.എ. സംഭാവന നൽകി.
12. ഓരോ ക്ലാസ്സിലേയും ക്ലാസ്സ് പി.റ്റി.എ. വളരെ കാര്യക്ഷമമായി നടന്നു വരുന്നു. ക്ലാസ് പി.റ്റി.എ. Refreshment ന് വരുന്ന ചിലവുകളും പി.റ്റി.എ. വഹിച്ചുവരുന്നു.

അദ്ധ്യാപകരുടേയും രക്ഷിതാക്കളുടെയും ശ്രമഫലമായി കേരളത്തിന്റെ സാങ്കേതിക വിദ്യാഭ്യാസരംഗത്ത് കൂടുതൽ ഉയരങ്ങളിലേയ്ക്ക് ഈ വിദ്യാലയം എത്തിച്ചേരട്ടെ എന്ന് ആശംസിച്ചുകൊണ്ടും ഈ കഴിഞ്ഞ വർഷം ഞങ്ങളോട് സഹകരിച്ച എല്ലാവരോടും നന്ദി പ്രകാശിപ്പിച്ചുകൊണ്ടും ഈ റിപ്പോർട്ടും കണക്കും നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

കിടങ്ങൂർ

പി.റ്റി.എ. കമ്മറ്റിക്കുവേണ്ടി,
സെക്രട്ടറി

*NB 26.10.17 ലെ PTA Executive കമ്മറ്റി അംഗീകരിച്ചത്.*